**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - പൊന്നാനി നിയോജകമണ്ഡലം എം.എൽ.എ.യും ബഹു . കേരള നിയമസഭാ സ്പീക്കറുമായ ശ്രീ . പി.ശ്രീരാമകൃഷ്ണൻ അവർകളുടെ അസംബ്ലി നിയോജകമണ്ഡല ആസ്തിവികസന പദ്ധതി - ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്

സ.ഉ. (സാധാ) നമ്പർ. 2069/2017/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം 21.06.2017.

---

പരാമർശം - (1) 11.06.2012-ലെ സ.ഉ.(പി.) 332/2012/ധന. നമ്പർ സർക്കാർ ഉത്തരവ്.

(2) പൊന്നാനി നിയോജക മണ്ഡലം എം.എൽ.എ.യും ബഹു. കേരള നിയമസഭാ സ്പീക്കറുമായ ശ്രീ.പി.ശ്രീരാമകൃഷ്ണൻ അവർകളുടെ 15.12.2016 ലെ കത്ത്.

(3) തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 12.04.2017 ലെ ഡിബി4-5028/17/സിഇ/തസ്വഭവ നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പൊന്നാനി നിയോജക മണ്ഡലം എം.എൽ.എ.യും ബഹു . കേരള നിയമസഭാ സ്പീക്കറുമായ ശ്രീ.പി.ശ്രീരാമകൃഷ്ണൻ അവർകളുടെ നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി പൊന്നാനി നഗരസഭയിലെ പുഴമ്പ്രം വില്ലേജ് ഓഫീസ് റോഡ് നിർമ്മാണം പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കണമെന്ന് പരാമർശം 2 പ്രകാരം ആവശ്യപ്പെട്ടിരുന്നു.

2. തദ്ദേശസ്വയംഭരണ ചീഫ് എഞ്ചിനീയർ പരാമർശം 3 പ്രകാരം പ്രസ്തുത പ്രവൃത്തിയുടെ ഡി.പി.ആർ സമർപ്പിക്കുകയുണ്ടായി.

3. നിർദ്ദേശം സർക്കാർ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, പൊന്നാനി നിയോജക മണ്ഡലം എം.എൽ.എ.യും ബഹു. കേരള നിയമസഭാ സ്പീക്കറുമായ ശ്രീ.പി.ശ്രീരാമകൃഷ്ണൻ അവർകളുടെ 2016-17 സാമ്പത്തിക വർഷത്തെ ആസ്തി വികസന പദ്ധതിയിൽ നിന്നും പൊന്നാനി നഗരസഭയിലെ പുഴമ്പ്രം വില്ലേജ് ഓഫീസ് റോഡ് നിർമ്മാണം എന്ന പ്രവൃത്തിക്ക് ആകെ അടങ്കൽ തുകയായ 25 ലക്ഷം രൂപ അനുവദിച്ചുകൊണ്ടും, വകുപ്പ് സംബന്ധമായ നടപടി ക്രമങ്ങളും പരാമർശം ഒന്നിലെ സർക്കാർ ഉത്തരവും പാലിച്ചു കൊണ്ട് പ്രവൃത്തി പൂർത്തീകരിക്കേണ്ടതാണ് എന്ന നിബന്ധനയോടു കൂടിയും ഭരണാനുമതി നൽകി ഉത്തരവാകുന്നു.

4. ലമ്പ്സം ഇനത്തിൽ വകയിരുത്തിയിരിക്കുന്ന തുകയുടെ ചെലവ് യഥാർത്ഥ ചെലവുകളുമായി പൊരുത്തപ്പെടേണ്ടതും പ്രവൃത്തികളുടെ നിർവ്വഹണം നിലവിലുള്ള നിയമങ്ങൾക്ക് വിധേയമായിരിക്കേണ്ടതുമാണ്. ആയതു സംബന്ധിച്ച ചെലവ് '4515-00-800-96-പ്രോജക്റ്റ് അണ്ടർ എൽ.എ.സി.-എ.ഡി.എസ്' എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതുമാണ്

ഗവർണറുടെ ഉത്തരവിൻ പ്രകാരം,
റ്റി.കെ.ജോസ്,
പ്രിൻസിപ്പൽ സെക്രട്ടറി.

ശ്രീ.പി.ശ്രീരാമകൃഷ്ണൻ, ബഹു. കേരള നിയമസഭാ സ്പീക്കർ.
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) / (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
സെക്രട്ടറി, പൊന്നാനി നഗരസഭ.
ധനകാര്യ വകുപ്പ് (831/ എൻ . സി . സി 1/2017- ധന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
ഐ&പി.ആർ.(വെബ് & ന്യൂമീഡിയ) വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ഓഫീസ് കോപ്പി / കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.